# സ്നേഹ സദ്യ

അജിത്തും സുബൈറും രാജുവും കബീറും ഉറ്റചങ്ങാതിമാർ. അടുത്ത അയൽക്കാർ, ഒരേ സ്കൂളിൽ പഠിക്കുന്നവർ. സ്കൂളിൽ പോകുന്നതും ക്ലാസു വിട്ടുവന്നാൽ അടുത്തുള്ള മൈതാനത്തു പോയി കളിക്കുന്നതും ഒന്നിച്ച്. അവരുടെ വീട്ടുകാർക്കിടയിലും നല്ല അയൽപക്ക ബന്ധമാണ്.


അടുത്തൊരുനാൾ കൂട്ടുകാർക്കൊപ്പം മൈതാനത്തു കളിക്കാൻ പോയ രാജു പെട്ടെന്ന് വീട്ടിൽ തിരിച്ചെത്തി. അവന്റെ മുഖം മ്ലാനമായിരുന്നു. രാജു ആരോടോ വഴക്കിട്ടിരിക്കും. അവന്റെ അമ്മ കരുതി.

"ഉം! .... എന്തുണ്ടായി മുഖം വല്ലാതിരിക്കുന്നല്ലോ?" അമ്മ ചോദിച്ചു.

"സുബൈറും കബീറും എന്റെയും അജിത്തിന്റെയും കൂടെ ഇനി കളിക്കാൻ വരില്ലെന്നു പറഞ്ഞു." രാജു സങ്കടപ്പെട്ടു. "മോൻ അവരോട് വല്ല പോക്കണകേടും കാട്ടിയോ?"

"അതൊന്നും ഇല്ലമ്മേ. സുബൈർ പറയുകയാ, അവർ ബീഫ് കഴിക്കുന്നത് കൊണ്ട് ഞങ്ങൾ അവരെ തല്ലിക്കൊന്നേക്കുമെന്ന്. വടക്കെവിടെയോ ബീഫ് കഴിക്കുന്നവരെ അത് കഴിക്കാത്തവർ തല്ലിക്കൊല്ലുന്നുണ്ടത്രെ. അതുകൊണ്ട് അവർക്ക് ഞങ്ങളെ പേട്യാത്രെ."

"ഈശ്വരാ... എന്തായീ കേൾക്കുന്ന



ത്?!" ഒരു ഞെട്ടലോടെ അമ്മ പറഞ്ഞു. അൽപം ആലോചിച്ച് അവർ തുടർന്നു: ഓണത്തിനും വിഷുവിനും അവർ നമ്മുടെ വീട്ടിൽ വന്ന് ആഹാരം കഴിക്കുന്നതു പോലെ പെരുന്നാളുകള്ക്ക് നമ്മൾ അവരുടെ വീട്ടിൽ പോയി ബീഫ് കറിയും നെയ്ച്ചോറും കഴിക്കാറില്ലേ? അങ്ങനെയുള്ള നല്ല അയൽക്കാരായ നമ്മൾക്ക് അങ്ങനെ ചിന്തിക്കാൻ പോലും കഴിയില്ലെന്ന് മോന് അവരോട് പറയാമായിരുന്നില്ലേ?"

"ഞങ്ങളതൊക്കെ പറഞ്ഞു അമ്മേ. അപ്പോ അവരു പറയ്യാ, വടക്ക് ബീഫ് തിന്നയാളെ തല്ലിക്കൊന്നവരിൽ അയാളുടെ അയൽക്കാരുമുണ്ടായിരുന്നുവെന്ന്."

ഇനി എന്തുപറയണമെന്നറിയാതെ അമ്മ പരിഭ്രമിച്ചു. തെളിഞ്ഞ മാനത്ത് കാർമേഘങ്ങൾ ഒഴുകിയെത്തിത്തുടങ്ങുകയാണ്. അന്തരീക്ഷം ഇരുളുകയാണോ? ഒടുവിൽ അവർ മകനെ സമാധാനിപ്പിച്ചു. "അച്ഛൻ വരട്ടെ എല്ലാറ്റിനും പരിഹാരമുണ്ടാകും?

രാത്രി അച്ഛൻ വീട്ടിലെത്തിയപ്പോൾ അമ്മ വിഷയം അദ്ദേഹത്തിന്റെ മുമ്പിലവതരിപ്പിച്ചു. അദ്ദേഹം രാജുവിനോട് നേരിട്ടും കാര്യങ്ങൾ അന്വേഷിച്ചു. പിന്നെ ആലോചനയിലാണ്ടു. രാജ്യം നേരിടുന്ന ഗുരുതരമായ പ്രശ്നമാണിത്. കുട്ടികളിൽ ചിലരുടെ മനസ്സിൽ ഭയത്തിന്റെ ഇരുട്ടും ചില മനസ്സുകളിൽ വിദ്വേഷത്തിന്റെ തീയും നിറക്കുന്നതാണ് ഈയിടെയായി നിരന്തരം വന്ന് കൊണ്ടിരിക്കുന്ന വാർത്തകൾ. പേടി ക്രമേണ വെറുപ്പും വിദ്വേഷവുമായി മാറുന്നു. അതു പിന്നെ അക്രമാസക്തവും കലാപവുമായി വളരുന്നു. ബാലമനസ്സുകളെ തീണ്ടുന്ന ഈ മഹാവിഷം ഇപ്പഴേ കഴുകി കളയണം. മരമായി വളർന്നാൽ പിന്നെ മുറിച്ചു മാറ്റാനാവില്ല.


കുറച്ചു നേരം ആലോചിച്ച ശേഷം അച്ഛൻ പറഞ്ഞു: "നമ്മളും നമ്മുടെ അയൽക്കാരും ഇതുവരെ കഴിഞ്ഞതു പോലെ തന്നെ ഇനിയും സ്നേഹത്തോടെ സഹകരിച്ചു കഴിയണം. നമ്മുടെ കുട്ടികൾ നാളെയും ഒരുമിച്ച് സ്കൂളിൽ പോവുകയും ഒന്നിച്ചു കളിക്കുകയും ചെയ്യും. ഞാൻ ചിലതൊക്കെ ചെയ്യാൻ പോകുന്നു." അത് കേട്ടപ്പോൾ രാജുവിന് സമാധാനമായി.

എങ്കിലും അച്ഛൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് അവന് മനസ്സിലായില്ല. അച്ഛൻ അമ്മയോട് പറഞ്ഞു: "നാളെ നമ്മുടെ മൂന്ന് അയൽക്കാർക്കും ഉച്ചയൂണ് നമ്മുടെ വീട്ടിലാണ്. ബീഫാണ് സദ്യയിലെ സ്പെഷ്യൽ. ബീഫ് വരട്ടാൻ നീ വിദഗ്ധയാണല്ലോ". അച്ഛൻ അമ്മയുടെ മുഖത്തു നോക്കി. അമ്മ തലയാട്ടിയ ശേഷം അമ്മൂമ്മയുടെ മുറിയുടെ നേരെ നോക്കി. അമ്മൂമ്മയുള്ളപ്പോൾ വീട്ടിൽ ബീഫ് കൊണ്ടുവരാറില്ല. അവർ തികഞ്ഞ സസ്യഭുക്കാണ്. അവർ ചെറിയച്ഛന്റെയോ വലിയച്ഛന്റേയോ വീട്ടിൽ പോകുമ്പോഴേ വീട്ടിൽ മാംസം പാകം ചെയ്യാറുള്ളൂ. അച്ഛൻ പറഞ്ഞു:

"ശരിയാണ് അമ്മ വീട്ടിലുള്ളപ്പോൾ നമ്മൾ മാംസംകഴിക്കാറില്ല. അത് അവർ വിലക്കിയിട്ടല്ലല്ലോ. താൻ കഴിക്കാത്തത് മറ്റാരും കഴിക്കരുതെന്ന ശാഠ്യവും അമ്മക്കില്ല. പിന്നെ നമ്മൾ നാളെ മാംസഹാരമുണ്ടാക്കുന്നത് നമുക്ക് വേണ്ടിയല്ലല്ലോ. അതിഥികൾക്കു വേണ്ടിയാണ്. അമ്മക്ക് അതിൽ വിരോധമൊന്നുമുണ്ടാവില്ല. ഞാൻ പറഞ്ഞോളാം..."

പിറ്റേന്ന് മൂന്ന് അയൽക്കാരും രാജുവിന്റെ വീട്ടിൽ ഒത്തുകൂടി. എല്ലാവരും ഭക്ഷണത്തിനിരുന്നപ്പോൾ സുബൈറിന്റെ ഉപ്പ മൊയ്തു ഹാജി അത്ഭുതം കൂറി. ഇതെന്താ കുമാരൻ കുട്ടിയുടെ വീട്ടിലും മാട്ടിറച്ചിയോ?"

ബക്കർമാഷ് "അല്ലാ മാട്ടിറച്ചി തീറ്റിച്ച് ഞങ്ങളെ തല്ലിക്കൊല്ലാനാണോ പരിപാടി.?" എല്ലാവരും പൊട്ടിച്ചിരിച്ചു. രാജു അപ്പോൾ



തന്റെ കൂട്ടുകാരായ സുബൈറിന്റെയും അജിത്തിന്റെയും പാത്രങ്ങളിലേക്ക് ബീഫ് ഫ്രൈ ഇട്ടു കൊടുക്കുകയായിരുന്നു.

"അതെ, തല്ലിക്കൊല്ലാൻ തന്നെ. നമ്മുടെ കുട്ടികളുടെ മനസ്സിൽ നുഴഞ്ഞു കയറുന്ന വിഷബീജങ്ങളെ നമ്മൾ തല്ലിക്കൊല്ലുകയാണ്." രാജുവിന്റെ അച്ഛൻ കുമാരൻ കൂടി പറഞ്ഞു.

"രാവിലെ കുമാരൻ കുട്ടി പറഞ്ഞപ്പോഴാണ് ഇങ്ങനെ ചില കീടങ്ങൾ നമ്മുടെ മക്കളിൽ കടന്നു കൂടുന്നതിനെക്കുറിച്ച് ഞാനോർത്തത്. നിശ്ശേഷം നശിപ്പിക്കപ്പെടേണ്ട കീടം തന്നെയാണിത്. നമ്മുടെ ഈ പരിപാടി അവസാനത്തേതായിക്കൂടാ... ആദ്യത്തേതായിരിക്കണം. അടുത്ത ഞായറാഴ്ച നമ്മളെല്ലാവരും ഉച്ചയൂണിന് എന്റെ വീട്ടിൽ ഒത്തുകൂടുന്നു. എല്ലാവരും എത്തണം. മാത്സ്യമാംസ വിഭവങ്ങൾ ഉണ്ടാവില്ല എന്നതായിരിക്കും എന്റ സദ്യയുടെ സ്പെഷ്യാലിറ്റി. കുമാരൻ കുട്ടിയുടെ അമ്മയും വരണം. രാജുവിന്റെ അമ്മ ശാരദക്കുട്ടി നേരത്തെ എത്തുമല്ലേ. എരിശ്ശേരിയും പുളിശ്ശേരിയുമൊക്കെ വെക്കാൻ എന്റെ ഐസുമ്മ അത്ര പോരാ" ബക്കർ മാഷ് ചിരിച്ചു കൊണ്ട് പറഞ്ഞു.

"മാഷേ, എന്നെ കരുതി നിങ്ങൾക്കിഷ്ടമുള്ള വിഭവങ്ങളൊന്നും ഒഴിവാക്കണ്ട. നിങ്ങൾക്കിഷ്ടമുള്ളതൊക്കെ നിങ്ങൾ കഴിച്ചോളൂ. എനിക്കിഷ്ടമുള്ളത് ഞാനും കഴിച്ചോളാം. എനിക്കിഷ്ടമില്ലാത്തത് വേറാരും കഴിക്കരുതെന്ന് ഞാൻ ആരോടും പറയില്ല. ശാരദക്കുട്ടിയുടെ കൂടെ തീർച്ചയായും ഞാനും വരും."

"അതിനടുത്ത ഞായറാഴ്ച എല്ലാവർക്കും എന്റെ വീട്ടിൽ നോൺവെജ് ഊണ്." അജിത്തിന്റെ അച്ഛൻ ഭാസ്കരേട്ടൻ. പിറ്റേ ഞായറാഴ്ച എന്റെ വീട്ടിൽ, അത് നൂറ് ശതമാനം വെജിറ്റേറിയൻ" മൊയ്തു ഹാജി. അങ്ങനെ നമ്മുടെയും നമ്മുടെ കുട്ടികളുടെയും മനസ്സുകളിൽ സ്നേഹ സൗഹൃദങ്ങളുടെ പുതുപുലരികൾ ഉദയം ചെയ്യട്ടെ.

• ദിയാൻ മുഹമ്മദ്